8. ഡോ. റവ. ഫാ. മത്തിയാസ് മുണ്ടാടൻ, ജീവസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആലുവ.

9. ഡോ. രാജൻ, ഫെല്ലോ, ഡെക്കാൻ കോളേജ് ഓഫ് ആർക്കിയോളജി.

10. പ്രൊഫ. ഷെറിൻ രത്നാകർ, പ്രൊഫ. ആൻഷ്യന്റ് ഹിസ്റ്ററി, ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂഡൽഹി.

11. ഡോ. എം.എൽ.കെ. മൂർത്തി, പ്രൊഫ. ആന്റ് ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് ഓഫ് ആർക്കിയോളജി, യൂണിവേഴ്സിറ്റി ഓഫ് ഹൈദരാബാദ്.

12. ശ്രീ. ഐരാവതം മഹാദേവൻ, സീനിയർ ഫെല്ലോ, ഐ.സി.എച്ച്.ആർ, ചെന്നൈ.

13. ശ്രീമതി ആർ. ചെമ്പകലക്ഷ്മി, റിട്ട. പ്രൊഫസർ, ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂഡൽഹി.

14. പ്രൊഫ. വൈ. സുബ്ബരായലു, ഡിപ്പാർട്ടുമെന്റ് ഓഫ് എപ്പിഗ്രാഫി ആന്റ് ആർക്കിയോളജി, തമിഴ് യൂണിവേഴ്സിറ്റി, തഞ്ചാവൂർ.

27 (2718) സാംസ്കാരിക നയം

ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഒരു സാംസ്കാരിക നയം രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ഇത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) എന്നേയ്ക്ക് ഈ നയം പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) 26.5.1999-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം 22/99/സി.എ.സി. പ്രകാരം ഒരു പുതിയ സാംസ്കാരിക നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

28 (2719) ഭാരതോത്സവം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസു ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 - ൽ സംസ്ഥാനത്ത് എവിടെയെല്ലാം വച്ച് ഭാരതോത്സവം നടത്തി;

(ബി) ഈ ഉത്സവങ്ങളിൽ ആരെല്ലാം പങ്കെടുത്തു;

(സി) എന്തെല്ലാം കലാപരിപാടികൾ അവതരിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly